## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 46 — 28 - 11 - 2018-ൽ മറുപടിക്ക്.

### അക്ഷയ സംരംഭകരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

ചോദ്യം — മറുപടി

ശ്രീ.എ.എം. ആരിഫ്. — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ജനസേവനകേന്ദ്രങ്ങൾ എന്ന നിലയിൽ കേന്ദ്ര സർക്കാർ അംഗീകാരത്തോടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം വ്യാപകമായതോടെ അക്ഷയ സംരംഭങ്ങൾക്ക് നേരത്തെ ലഭിച്ചിരുന്ന തൊഴിലവസരങ്ങൾ ഗണ്യമായി കുറഞ്ഞതും വരുമാനത്തിൽ വലിയ ഇടിവും സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാർ അംഗീകാരത്തോടെയുള്ള കോമൺ സർവ്വീസ് സെന്ററുകൾ അക്ഷയ കേന്ദ്രങ്ങൾക്ക് സമീപം പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ അക്ഷയ കേന്ദ്രങ്ങളുടെ തൊഴിലവസരങ്ങളിലും വരുമാനത്തിലും സ്വാഭാവികമായ കുറവ് സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അക്ഷയ സംരംഭകർക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ തീരെ അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | അക്ഷയ സംരംഭകർക്ക് നിലവിൽ സർക്കാരിൽ നിന്നും പ്രത്യേക ആനുകൂല്യങ്ങൾ ഒന്നും തന്നെ നൽകുന്നില്ല. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ ഫീസ് ഈടാക്കിയാണ് അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ കാലികമായി പരിഷ്കരിച്ചുകൊണ്ട് 09.05.2018 ലെ സ.ഉ (പി) നം.03/2018/ഐ.ടി.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മത്സരാധിഷ്ഠിത സാഹചര്യത്തിൽ അക്ഷയ സംരംഭകരെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് ഐ.ടി. വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | അക്ഷയ കേന്ദ്രങ്ങൾ മുഖേന കൂടുതൽ സേവനങ്ങൾ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമപ്രകാരമുള്ള രജിസ്ട്രേഷനുകൾ ഇല്ലാതെ അക്ഷയ കേന്ദ്രങ്ങളാണെന്ന് തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്ന ഓൺലൈൻ കേന്ദ്രങ്ങൾ നിർത്തലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുലോഗിനിലൂടെ പൗരൻമാർക്ക് ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വാണിജ്യാടിസ്ഥാനത്തിൽ ഓൺലൈൻ കേന്ദ്രങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലേയ്ക്കായി ഒരു രജിസ്റ്റേഡ് യൂസർക്ക് ഓപ്പൺ പോർട്ടൽ മുഖേന ഒരുമാസം ലഭിക്കുന്ന ഇ-ഡിസ്ട്രിക്ടുമായി ബന്ധപ്പെട്ട പരമാവധി സർട്ടിഫിക്കറ്റുകളുടെ എണ്ണം 5 ആയി നിജപ്പെടുത്തുന്നതിനും, സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് OTP സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളുടെ ലോഗിൻ ക്രഡൻഷ്യൽസ് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലേക്കായി എല്ലാ അക്ഷയ കേന്ദ്രങ്ങളും FTTH കണക്ടിവിറ്റിയിലേക്ക് മാറ്റുന്നതിനും അക്ഷയ കേന്ദ്രങ്ങൾക്ക് സ്റ്റാറ്റിക് ഐ.പി അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ